# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4556** **13.11.2019 ലെ മറുപടി**

## വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുളള വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ടൂറിസം വകുപ്പിന് മോട്ടൽ നിർമ്മിക്കുന്നതിനായി കൈമാറാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും 24/07/2019-ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ടൂറിസവും സഹകരണവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗ തീരുമാന പ്രകാരം ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ തന്നെ നിലനിർത്തി ടൂറിസം പദ്ധതിയുടെ ലാഭവിഹിതം ഇറിഗേഷൻ വകുപ്പിനും കൂടി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നെടുമങ്ങാട് വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുളള സ്ഥലത്ത് ടൂറിസം പ്രോജക്ടിന് ഭൂമിയുടെ ഉപയോഗാനുമതി നൽകാൻ തീരുമാനിച്ചു. 1.53 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനിച്ചത്. ലാഭം എങ്ങനെ വീതിക്കണമെന്നത് സംബന്ധിച്ച പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ എഗ്രിമെന്റ് കണ്ടീഷൻസിൽ വ്യക്തത വരുത്തി ആവശ്യമായ ഭേദഗതിയോടുകൂടി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി അടിയന്തര നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) പ്രസ്തുത വിഷയത്തിൽ മന്ത്രിതലത്തിൽ എത്ര മീറ്റിംഗുകൾ നടന്നിട്ടുണ്ടെന്നും എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | |
| (സി) വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ എത്ര ഭൂമിയാണ് ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനം എടുത്തിട്ടുളളതെന്ന് വ്യക്തമാക്കുമോ; | |
| (ഡി) പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി ഉപയോഗാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ